Draft #38 of File 28366/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 14-Feb-2022 05:40 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## <u>സംഗ്രഹം</u>

ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന മഹാത്മാഗാന്ധി സർവ്വകലാശാല സർവ്വീസിൽ നേരിട്ടും അന്തർസർവ്വകലാശാല സ്ഥലംമാറ്റം മുഖേനയും ജോലിയിൽ പ്രവേശിച്ച 07 അസിസ്റ്റൻറുമാരുടെ പി.എസ്.സി. മുഖേനയുള്ള നിയമനം ക്രമപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 1483/AD A1/2022/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 14.02.2022

---

*പരാമർശം:*-1. സർക്കാർ ഉത്തരവ് (പി) നം. 41/2010/ഉ.ഭ.പ.വ. തീയതി 14.12.2010.

2. ബന്ധപ്പെട്ട ജില്ലാ പൊലീസ് മേധാവികൾ ലഭ്യമാക്കിയിട്ടുള്ള 07 അസിസ്റ്റൻറുമാരുടെ പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ടുകൾ

3. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 01.01.2022 & 21.01.2022 തീയതികളിലെ AA & VW I-4/9/2020/KPSC നമ്പർ കത്തുകൾ.

4. സർക്കാർ ഉത്തരവ് (കൈ) നം. 123/2017/ഉ.വി.വ തീയതി 09.05.2017

## <u>ഉത്തരവ്</u>

പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ, പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും ലഭിച്ചതിനുശേഷം മാത്രമേ റെഗുലറൈസ് ചെയ്യാവൂ, എന്ന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള പി.എസ്.സി. മുഖേന മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നേരിട്ടും അന്തർസർവ്വകലാശാല സ്ഥലംമാറ്റം മുഖേനയും ഉദ്യോഗത്തിൽ പ്രവേശിച്ച 07 അസിസ്റ്റൻറുമാരുടെ പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, പി.എസ്.സി.-യുടെ വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ പരാമർശം (2), (3) പ്രകാരം ലഭിച്ചിട്ടുണ്ട്. ടി അസിസ്റ്റൻറുമാരുടെ സ്വഭാവവും പൂർവ്വചരിത്രവും സംബന്ധിച്ച പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിൽ ടിയാളുകൾ നിയമനത്തിന് അനുയോജ്യരാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ടിയാളുകളുടെ പി.എസ്.സി. വെരിഫിക്കേഷൻ പൂർത്തീകരിക്കുകയും ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പി.എസ്.സി.-യിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് അയോഗ്യതകൾ ഇല്ലെങ്കിൽ ടിയാളുകളുടെ നിയമനം ക്രമപ്പെടുത്താവുന്നതാണെന്നും പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

പ്രൊബേഷൻ മാനദണ്ഡമാക്കാതെ സർവ്വീസ് സീനിയോറിറ്റിയുടെയും, ഓപ്ഷൻറെയും അടിസ്ഥാനത്തിൽ അസിസ്റ്റൻറ്/കമ്പ്യൂട്ടർ അസിസ്റ്റൻറ് തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് അന്തർസർവ്വകലാശാല സ്ഥലംമാറ്റം അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ വസ്തുതകൾ പരിഗണിച്ച്, കേരള പി.എസ്.സി. മുഖേന മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നേരിട്ടും അന്തർസർവ്വകലാശാല സ്ഥലംമാറ്റം മുഖേനയും ഉദ്യോഗത്തിൽ പ്രവേശിച്ച താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന 07 അസിസ്റ്റൻറുമാരുടെ നിയമനം, അവർ അസിസ്റ്റൻറ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി (മഹാത്മാഗാന്ധി സർവ്വകലാശാലയിൽ/മാതൃസർവ്വകലാശാലയിൽ) മുതൽ ക്രമപ്പെടുത്തിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| ക്രമ നം | പേര് | PEN | അസിസ്റ്റൻറ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1. | രാമചന്ദ്രൻ എസ്. | 3698 | 07.08.2019 F.N. | പി.എസ്.സി. മുഖേന ഈ സർവ്വകലാശാലയിൽ നേരിട്ട് ഉദ്യോഗത്തിൽ പ്രവേശിച്ചു. |
| 2. | നിഷ എം. | 3717 | 11.10.2019 F.N. | പി.എസ്.സി. മുഖേന ഈ സർവ്വകലാശാലയിൽ നേരിട്ട് ഉദ്യോഗത്തിൽ പ്രവേശിച്ചു.<br><br>കേരള സെക്രട്ടേറിയേറ്റ് ജനറൽ അഡ്മിനിസ്ട്രേഷൻ (സർവ്വീസ് എ) വകുപ്പിൽ അസിസ്റ്റൻറ് തസ്തികയിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനായി 09.01.2020 അപരാഹ്നത്തിൽ വിടുതൽ ചെയ്തു. |
| 3. | സമീറാ ബീവി ബി. | 3713 | 20.04.2019 F.N (കാലിക്കറ്റ് സർവ്വകലാശാല) | അന്തർസർവ്വകലാശാല സ്ഥലംമാറ്റം മുഖേന കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 01.10.2019 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചു. |
| 4. | റിതോഷ് പ്രകാശ് വി | 3750 | 17.07.2019 F.N. (കേരള സർവ്വകലാശാല) | അന്തർ സർവ്വകലാശാലാ സ്ഥലംമാറ്റം മുഖേന കേരള സർവ്വകലാശാലയിൽ നിന്നും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 13.11.2019 F.N.-ൽ ഉദ്യോഗത്തിൽ പ്രവേശിച്ചു |
| 5. | നബീൽ ഷംസുദ്ദീൻ | 3739 | 19.07.2019 F.N. (കാലിക്കറ്റ് സർവ്വകലാശാല) | അന്തർസർവ്വകലാശാല സ്ഥലംമാറ്റം മുഖേന കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 13.11.2019 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചു. |
| 6. | നിഷ രവീന്ദ്രൻ കെ | 3747 | 05.08.2019 F.N. (കേരള സർവ്വകലാശാല) | അന്തർ സർവ്വകലാശാലാ സ്ഥലംമാറ്റം മുഖേന കേരള സർവ്വകലാശാലയിൽ നിന്നും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 13.11.2019 F.N.-ൽ ഉദ്യോഗത്തിൽ പ്രവേശിച്ചു |
| 7. | ദീപ കെ.ജി. | 3743 | 09.08.2019 F.N. (കാലിക്കറ്റ് സർവ്വകലാശാല) | അന്തർസർവ്വകലാശാല സ്ഥലംമാറ്റം മുഖേന കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 13.11.2019 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചു. |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

Draft #38 of File 28366/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 14-Feb-2022 05:40 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

പകർപ്പ്

1.ബന്ധപ്പെട്ട വ്യക്തികൾ

2. വൈസ് ചാൻസിലർ/പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ

4. അഡീഷണൽ സെക്രട്ടറി , പൊതുഭരണ (സർവീസസ് -എ )വകുപ്പ് (ആമുഖ കത്ത് സഹിതം)

5. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം)

6.പബ്ലിക് റിലേഷൻസ് ഓഫീസർ/ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല

7.കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/IT CELL/എഡി.സി. I/II/III/ഫിനാൻസ് II/III

8. ഫിനാൻസ് കമ്പ്യൂട്ടർ സെൽ/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #38 of File 28366/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 14-Feb-2022 05:40 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം